03
2024
ഫെബ്രുവരി
ശനി
മകരം 20

NAUTICAL TIMES
KERALA

# നോട്ടിക്കൽ ടൈംസ് കേരള


The National Daily in Malayalam / English
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.122 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-122 | പേജ് 4. വില 2.00 രൂപ




02 ഡിമോസ് ഷോറൂമുകളിൽ റിപ്പബ്ലിക് ഡേ സെയിൽ ഫെബ്രുവരി 5 വരെ മാത്രം
03 മെഡിക്കൽകോളജിൽ രോഗികൾക്കു കിടക്കയില്ലാതെ ദുരിതമെന്ന് പരാതി
04 വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പൂർത്തിയാക്കും: മുഹമ്മദ് റിയാസ്

# സഭയുടെ പ്രയാസങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും: പാത്രിയർക്കീസ് ബാവ



കോഴിക്കോട്: കേരളത്തിലെ യാക്കോബായ സുറിയാനി സഭയുടെ പ്രയാസങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവ പറഞ്ഞു. കോഴിക്കോട് വേളംകോട് സെന്റ് മേരീസ് സൂനോറോ പള്ളിയിൽ ചേർന്ന ഭദ്രാസന വിശ്വാസിസംഗമത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

തന്റെ സന്ദർശനത്തിനൊടുവിൽ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയെ കാണുന്നുണ്ട്. സഭയിലെ കാര്യങ്ങൾ അദ്ദേഹത്തെ ധരിപ്പിക്കും. മലബാറിലെ ദേവാലയങ്ങളിൽ ഒരിടത്തു പോലും സഭാതർക്കമോ സംഘർഷമോ ഇല്ല. പള്ളികൾ നഷ്ടപ്പെടുകയും ആരാധനാസ്വാതന്ത്ര്യം ഇല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതി മറ്റു ഭദ്രാസനങ്ങളിലുണ്ട്. പള്ളിയും ആരാധനാസൗകര്യവും നഷ്ടപ്പെടുന്നവരുടെ മനപ്രയാസം വളരെ വലുതാണ്. കോട്ടയം , എറണാകുളം ജില്ലകളിൽ നിന്ന് മുൻകാലത്ത് കുടിയേറിയവരാണ് കോഴിക്കോട് ഭദ്രാസനത്തിലുള്ളത്. അവർ പള്ളികൾ സ്ഥാപിച്ചു. രക്തവും വിയർപ്പും നൽകി സഭയെയും സമൂഹത്തെയും വളർത്തി.

ആത്മീയ പിതാവ് എന്ന നിലയിൽ തനിക്ക് നൽകുന്ന സ്നേഹം വളരെ വലുതാണെന്ന് അറിയാം. മക്കളോട് പിതൃനിർവിശേഷമായ സ്നേഹം തിരികെ നൽകേണ്ടത് തന്റെ കടമയാണ്. 'നിങ്ങളുടെ സ്നേഹം എന്റെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നു. പ്രതിസന്ധികളിൽ നിന്നുള്ള നിങ്ങളുടെ രക്ഷയ്ക്കായി സർവശക്തനായ ദൈവത്തോട് പ്രാർഥിക്കും', ബാവാ പറഞ്ഞു.

മലങ്കര മെത്രാപ്പോലീത്ത ഡോ.ജോസഫ് മോർ ഗ്രീഗോറിയോസ് അധ്യക്ഷത വഹിച്ചു. മേയർ ഡോ.എം.ബീനാ ഫിലിപ്പ്, മെത്രാപ്പോലീത്തമാരായ ഡോ. പൗലോസ് മോർ ഐറേനിയോസ്, ഗീവറുഗീസ് മോർ സ്തേഫാനോസ്, യൽദോ മോർ തീത്തോസ്, മാത്യൂസ് മോർ അപ്രേം, മോർ ഔഗേൻ അൽഖൗരി അൽഖാസ്, മർക്കോസ് മോർ ക്രിസ്റ്റഫോറസ്, സി.എസ്.ഐ. മലബാർ മഹായിടവക ബിഷപ്പ് ഡോ.റോയിസ് മനോജ് വിക്ടർ, ഭദ്രാസന സെക്രട്ടറി മൈക്കോട്ടുംകര ഫിലിപ്പ് ജോൺ കശ്ശീശ, ഫാ.സ്ക്കറിയ ഈന്തലാംകുഴിയിൽ, തൊണ്ടലിൽ ഏലിയാസ് കോർ എപ്പിസ്ക്കോപ്പ, ഷെവലിയർ സി.ഇ.ചാക്കുണ്ണി തുടങ്ങിയവർ സംബന്ധിച്ചു.

## വാണി ജയറാം വിട പറഞ്ഞിട്ട് നാളെ ഒരു വർഷം

# സൗരയൂഥത്തിൽ വിടർന്ന കല്യാണ സൗഗന്ധികം...

മോഹൻ ശ്രീശൈലം



മലയാളത്തിൽ പാടിയ ആദ്യത്തെ പാട്ടിലെ ആദ്യത്തെ വരികൾ പോലെയായിരുന്നു മലയാളികൾക്ക് വാണി ജയറാം എന്ന ഗായിക സൗരയൂഥത്തിൽ വിടർന്ന കല്യാണ സൗഗന്ധികം... 1973ൽ പുറത്തിറങ്ങിയ സ്വപ്നം എന്ന ചിത്രത്തിലെ 'സൗരയൂഥത്തിൽ വിടർന്നോരു കല്യാണ സൗഗന്ധികമാണീ ഭൂമി...' എന്ന പാട്ടിലൂടെയാണ് വാണി ജയറാം മലയാളത്തിലെത്തുന്നത്. സലിൽ ചൗധരിയുടെ സംഗീത സംവിധാനത്തിലായിരുന്നു പാട്ട്. വരികൾ ഒ.എൻ.വി കുറുപ്പിൻറെയും. ആദ്യത്തെ പാട്ടിലൂടെ തന്നെ വാണിയുടെ ശബ്ദം മലയാള ആസ്വാദകരുടെ ഹൃദയത്തിലേക്ക് ഇറങ്ങി.

മലയാളത്തിലേക്ക് ആദ്യമായി വന്നതിനെ കുറിച്ച് വാണി ജയറാം പലപ്പോഴായി പറഞ്ഞിട്ടുണ്ട്. ഗുഡ്ഡിയിലെ 'ബോലേ രേ പപ്പി ഹരാ' എന്ന പാട്ടിലൂടെ ഏറെ പ്രശസ്തിയിലായിരുന്നു അന്നവർ.

(ശേഷം പേജ് 4)

# യുഡിഎഫ് സീറ്റ് ധാരണ അഞ്ചിന് പ്രഖ്യാപിക്കും; ആദ്യഘട്ട ചർച്ചകൾ പൂർത്തിയായി

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് സീറ്റു വിഭജനവുമായി ബന്ധപ്പെട്ടു യുഡിഎഫ് ഘടകകക്ഷികളുമായി കോൺഗ്രസ് നേതൃത്വം നടത്തുന്ന ചർച്ചകളുടെ ആദ്യഘട്ടം പൂർത്തിയായി.

ഫെബ്രുവരി അഞ്ചിനു സീറ്റ് ധാരണ പ്രഖ്യാപിക്കുമെന്നാണ് സൂചന. സിഎംപി, ഫോർവേഡ് ബ്ലോക്ക് എന്നീ പാർട്ടികളുമായി കോൺഗ്രസ് നേതൃത്വം ചർച്ചകൾ നടത്തിയിരുന്നു.

ലോക്സഭാ സീറ്റ് ആവശ്യപ്പെടുന്നില്ലെന്നും രാജ്യസഭയിലേക്ക് പരിഗണിക്കണമെന്നു സിഎംപി ജനറൽ സെക്രട്ടറി സി.പി. ജോണും ഫോർവേഡ് ബ്ലോക്ക് ദേശീയ ജനറൽ സെക്രട്ടറി ജി. ദേവരാജനും ചർച്ചകളിൽ ആവശ്യപ്പെട്ടു. രാജ്യസഭയിൽ കേരളത്തിനു വേണ്ടി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാനാകുമെന്ന് ജോൺ പറഞ്ഞു. ദേശീയ തലത്തിലാണ് താൻ പ്രവർത്തിക്കുന്നതെന്ന് ദേവരാജനും ചൂണ്ടിക്കാട്ടി. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം ഉചിതമായ അവസരത്തിൽ ഈ ആവശ്യങ്ങൾ ചർച്ച ചെയ്യാമെന്നു കോൺഗ്രസ് മറുപടി നൽകി. ഇതോടെ യുഡിഎഫിലെ എല്ലാ പാർട്ടികളുമായും കോൺഗ്രസ് ചർച്ച നടത്തി. മുസ്‌ലിം ലീഗുമായും കേരള കോൺഗ്രസുമായും വീണ്ടും ചർച്ച നടത്തും.




# ക്യാൻസർരോഗ നിർണയ ക്യാമ്പ് സംഘടിപ്പിച്ചു

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാമൂഹ്യപ്രതിബദ്ധത പദ്ധതികളുടെ ഭാഗമായി തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ വിഴിഞ്ഞം വടക്കുംഭാഗം മുസ്ലിം ജമാഅത്ത് , ജനമൈത്രി പോലീസ് വിഴിഞ്ഞം, വിവിധ റസിഡൻസ് അസോസിയേഷനുകൾ, എന്നിവരുടെ സഹകരണത്തോടെ അദാനി ഫൗണ്ടേഷൻ നടത്തിയ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പിൽ വിഴിഞ്ഞം മേഖലയിലെ 68 പേർ പങ്കെടുക്കുകയും 3 പേരെ തുടർ പരിശോധനയ്ക്കായി നിർദ്ദേശിക്കുകയും ചെയ്തു.

നിരവധി പേർക്ക് ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തു വരുന്ന ഈ കാലയളവിൽ ക്യാൻസർ രോഗനിർണയ ക്യാമ്പുകൾ വളരെ പ്രാധാന്യം അർഹിക്കുന്നു എന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ. ജോൺ പോൾ സി.ആർ.ഒ, വിഴിഞ്ഞം പോലീസ് സ്റ്റേഷൻ അവർകൾ പറഞ്ഞു.

വിഴിഞ്ഞം വടക്കുംഭാഗം മുസ്ലിം ജമാഅത്ത് വൈസ് പ്രസിഡൻറ് ശ്രീ.മുജീബ് അവർകൾ അധ്യക്ഷനായിരുന്ന ചടങ്ങിൽ അദാനി ഫൗണ്ടേഷൻ ലൈവിലിഹുഡ് കോർഡിനേറ്റർ ശ്രീ. ജോർജ് സെൻ സ്വാഗതം ആശംസിച്ചു.

റീജണൽ കാൻസർ സെൻറർ, കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മേധാവികളായ ഡോ.കാലാവതി, ഡോ.ജിജി തോമസ് രോഗ നിർണയ ക്യാമ്പിൽ നടത്തുന്ന ടെസ്റ്റുകളെ കുറിച്ച് വിശദീകരിച്ചു.

നെഹ്റു സ്മാരക ഗ്രന്ഥശാല മുൻ പ്രസിഡൻ്റായിരുന്ന ശ്രീ .മുത്തു കൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി.

വിഴിഞ്ഞം ജനമൈത്രി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ, വിഴിഞ്ഞം മേഖലയിലെ റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, നിർഭയ അംഗങ്ങൾ, വടക്കുംഭാഗം മുസ്ലിം ജമാഅത്ത് ജനറൽ സെക്രട്ടറി ശ്രീ. റഷീദ്, അദാനി ഫൗണ്ടേഷൻ പ്രോജക്ട് ഓഫീസർ ശ്രീ . വിനോദ് ,മറ്റ് സ്റ്റാഫ് അംഗങ്ങൾ, അദാനി സ്ക്കിൽ ഡെവലപ്മെൻറ് സെൻറർ ഏഉഅ കുട്ടികൾ, സുപോഷൺ സംഗിനിമാർ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.



# ഡിമോസ് ഷോറൂമുകളിൽ റിപ്പബ്ലിക് ഡേ സെയിൽ ഫെബ്രുവരി 5 വരെ മാത്രം

കൊല്ലം :ഡിമോസ് ഫർണിച്ചറിൻറെ എല്ലാ ഷോറൂമുകളിലും റിപ്പബ്ലിക് ഡേ സെയിൽ അഞ്ചുവരെ മാത്രം. ആഘോഷത്തോടനുബന്ധിച്ച് എല്ലാ പർച്ചേസുകൾക്കും 75ശതമാനം വരെ ഡിസ്കൗണ്ട്.

കോർണർ സോഫകൾ 9,900 രൂപ മുതൽ, രണ്ട് ഡോർ അലമാര 4,900 രൂപ മുതൽ, വുഡൻ ഡൈനിംഗ് ടേബിൾ 4 സീറ്റ് 9,900 രൂപ മുതൽ, ബെഡ്റൂം സെറ്റുകൾ 18,900 രൂപ മുതൽ, ആയിരത്തിലധികം പ്രീമിയം സോഫകളുടെ മോഡുലുകൾക്ക് 40ശതമാനം ഡിസ്കൗണ്ട്, മൂന്നൂറിലധികം പ്രീമിയം വാർഡ്രോബ് മോഡലുകൾക്ക് 30ശതമാനം പ്രീമിയം ഹോം സെറ്റുകൾ 48,000 രൂപ മുതൽ, പ്രീമിയം മാർബിൾ ടോപ്പ് ഡൈനിംഗ് ടേബിൾ 6 സീറ്റ് 44,900 രൂപ മുതൽ, പ്രീമിയം കോട്ട് ബോക്സ് 1,500 രൂപ മുതൽ, പ്രീമിയം ഡ്രസ്സിംഗ് ടേബിൾ 2,400 രൂപ മുതൽ, ഓഫീസ് ചെയർ 2,900 രൂപ മുതൽ, പ്രീമിയം മാട്രസ്സുകൾക്ക് 60% ഡിസ്കൗണ്ട്, ഇരുന്നൂറിലധികം മോഡലുകളിലുള്ള പ്രീമിയം കട്ടിലുകൾക്ക് 35ശതമാനം ഡിസ്കൗണ്ട്.

20 വർഷം വാറൻറിയോടുകൂടി ഏറ്റവും കുറഞ്ഞ തവണ വ്യവസ്ഥയിൽ സ്വന്തമാക്കാം. ബജാജ് ഫിനാൻസിൻറെ ലോൺ സൗകര്യം. കൂടുതൽ വിവരങ്ങൾക്ക് കൊട്ടാരക്കര, കരുനാഗപ്പള്ളി, ഭരണിക്കാവ്, പള്ളിമുക്ക്, പഴയാറ്റിൻകുഴി, ചന്ദനത്തോപ്പ്, മേവറം ബൈപാസ് ഷോറുമുകൾ സന്ദർശിക്കുക. ഫോൺ 9288098981. എല്ലാ ഞായറാഴ്ചകളിലും ഷോറൂമുകൾ തുറന്നു പ്രവർത്തിക്കുന്നു.

## ഡമോൺസ്ട്രേറ്റർ തസ്തികയിൽ നിയമനം

കോട്ടയം പാമ്പാടി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ (ഗവ. എൻജിനിയറിങ് കോളജ്, കോട്ടയം) ആർക്കിടെക്ചർ എൻജിനിയറിങ് വിഭാഗത്തിലേക്ക് ദിവസ വേതന വ്യവസ്ഥയിൽ ഡമോൺസ്ട്രേറ്റർ തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ ആളെ ആവശ്യമുണ്ട്. യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ ബയോഡാറ്റ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഫെബ്രുവരി 7നു രാവിലെ 11ന് ആർക്കിടെക്ചർ വിഭാഗത്തിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.rit.ac.in, 04812506153, 04812507763.



ആര്യനാട് എൻ.പി.എം ഗവ. ഐടിഐ കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിച്ചു

## ഏഴുമാസം പ്രായമായ മകനെ കൊലപ്പെടുത്തി അമ്മ ജീവനൊടുക്കി

ഇടുക്കി: ഏഴുമാസം പ്രായമായ മകനെ കൊലപ്പെടുത്തി അമ്മ ജീവനൊടുക്കി. മുരിക്കാശേരി തോപ്രാംകുടിയിലാണ് ഇന്നു പുലർച്ചെ ദാരുണ സംഭവുണ്ടായത്. തോപ്രാംകുടി സ്കൂൾ സിറ്റി സ്വദേശിനി പുത്തൻപുരയ്ക്കൽ ഡീനു ലൂയിസ് (37) ആണ് ജീവനൊടുക്കിയത്.

പുലർച്ചെ വീടിനുള്ളിൽ ഗുരുതരാവസ്ഥയിൽ കണ്ട ഇരുവരെയും ബന്ധുക്കൾ ഇടുക്കി മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. ഡീനുവിൻറെ ഭർത്താവ് അഞ്ചുമാസം മുമ്പ് ജീവനൊടുക്കിയിരുന്നു. ഇതേത്തുടർന്ന് യുവതിക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടായിരുന്നതായാണ് ബന്ധുക്കൾ പോലീസിൽ നൽകിയ വിവരം.

പുലർച്ചെ അമ്മയുമായി വാക്കുതർക്കമുണ്ടായ ശേഷം യുവതി മുറിക്കുള്ളിൽ കയറി വാതിലടയ്ക്കുകയായിരുന്നു. അമ്മ വിവരമറിയിച്ചതിനെ തുടർന്ന് അയൽക്കാർ ഓടിയെത്തി വാതിൽ തകർത്ത് അകത്തു കയറിയപ്പോഴാണ് കുഞ്ഞിനെയും യുവതിയെയും അബോധാവസ്ഥയിൽ കാണുന്നത്.

മുരിക്കാശേരി പോലീസ് സംഭവ സ്ഥലത്ത് എത്തി തുടർ നടപടികൾ സ്വീകരിച്ചു. മൃതദേഹങ്ങൾ ഇടുക്കി മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.

## ഹയർസെക്കന്ററി സ്കൂളിൽ നിയമനം

കൊല്ലം ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കെമിസ്ട്രി (സീനിയർ) തസ്തികയിൽ ഭിന്നശേഷി കാഴ്ച പരിമിതർക്ക് സംവരണം ചെയ്തിരിക്കുന്ന ഒരു സ്ഥിര ഒഴിവ് നിലവിലുണ്ട്. ശമ്പള സ്കെയിൽ: 55200115300. പ്രായ പരിധി 2024 ജനുവരി 1 ന് 40 വയസ്സ് കവിയാൻ പാടില്ല (നിയമാനുസൃത വയസ്സിളവ് ബാധകം). നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി 2024 ഫെബ്രുവരി 8 നകം ബന്ധപ്പെട്ട് പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അടുത്തുള്ള ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരാക്കേണ്ടതാണ്. നിലവിൽ ജോലി ചെയ്ത്കൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2330756 എന്ന നമ്പറിൽ ബന്ധപ്പെടുക.

## അഞ്ചുവയസുകാരിയെ ശ്വാസംമുട്ടിച്ചു കൊലപ്പെടുത്തിയ കേസ്: അമ്മയെ വെറുതെവിട്ടു

കോഴിക്കോട്: പയ്യാനിക്കലിൽ അഞ്ചുവയസുകാരിയെ ശ്വാസംമുട്ടിച്ചു കൊലപ്പെടുത്തിയ കേസിൽ അമ്മയെ കോടതി വെറുതെവിട്ടു.

2021 ജൂലൈയിൽ ചാമുണ്ഡിവളപ്പിലെ അഞ്ചുവയസുകാരി ഫാത്തിമ റെന കൊല്ലപ്പെട്ട കേസിലാണ് കോടതി വിധി. സാഹചര്യത്തെളിവുകളുടെ അഭാവത്തിലാണ് അമ്മ സമീറയെ കോഴിക്കോട് പോക്സോ കോടതി വെറുതെവിട്ടത്.

ദുർമന്ത്രവാദത്തിൻറെ മറവിൽ കുട്ടിയെ അമ്മ കൊലപ്പെടുത്തിയെന്നായിരുന്നു പോലീസിൻറെ കണ്ടെത്തൽ. എന്നാൽ ഇവർ കുറ്റംചെയ്തെന്നു തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടെന്നും സാഹചര്യത്തെളിവുകൾ കുട്ടിയുടെ അമ്മയ്ക്കെതിരല്ലെന്നും കോടതി കണ്ടെത്തി.

## ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

202324 അധ്യയന വർഷത്തെ കീം (മെഡിക്കൽ) പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികളുടെ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM 2023 Candidate Portal' എന്ന ലിങ്കിൽ അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഫെബ്രുവരി 11 നു വൈകിട്ട് അഞ്ചു വരെ ഓൺലൈനായി സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിലെ വിജ്ഞാപനം കാണുക.

## ബേപ്പൂർ മണ്ഡലത്തിലെ റോഡുകൾ ബിഎം ആൻഡ് ബിസി നിലവാരത്തിൽ നവീകരിക്കും: മന്ത്രി മുഹമ്മദ് റിയാസ്

കോഴിക്കോട്: ബേപ്പൂർ മണ്ഡലത്തിലെ എല്ലാ റോഡുകളും ബിഎം ആൻഡ് ബിസി (ബിറ്റുമിനസ് മക്കാഡം ആൻഡ് ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിൽ നവീകരിക്കുമെന്ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. കോർപറേഷൻ 49 ഡിവിഷനിലെ മാറാട് മുത്താച്ചികുളം വയൽ റോഡ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഇതിൽ വലിയൊരു ശതമാനം പ്രവൃത്തിയും ഇതിനകം പൂർത്തീകരിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായാണ് നടക്കുന്നത്. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ കൃത്യമായി നിരന്തര പരിശോധനകൾ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. 27 റോഡുകളുടെ നവീകരണ പ്രവർത്തിക്കായി രണ്ടര വർഷത്തിനകം 380 കോടിയിലധികം രൂപയാണ് ബേപ്പൂർ നിയോജകമണ്ഡലത്തിൽ മാത്രമായി വകയിരുത്തിയതെന്നും മന്ത്രി പറഞ്ഞു. എംഎൽഎയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചെലവഴിച്ചാണ് റോഡ് നിർമാണം പൂർത്തിയാക്കിയത്. കൗൺസിലർ കൊല്ലരത്ത് സുരേഷൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ കൗൺസിലർമാരായ വാടിയിൽ നവാസ്, കെ. രാജീവ്, മുൻ കൗൺസിലർ പേരോത്ത് പ്രകാശൻ, കോർപറേഷൻ അസിസ്റ്റന്റ് എൻജിനീയർ ഫാസിൽ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.

## പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. 2023 നവംബർ മാസത്തിൽ നടത്തിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പി.ജി.ഡി.സി.എഫ്) റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും പരീക്ഷാ കേന്ദ്രവുമായി ബന്ധപ്പെട്ടാൽ അറിയാം. ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിലും (www.ihrd.ac.in) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ ഫെബ്രുവരി 12 വരെ പരീക്ഷാ കേന്ദ്രത്തിൽ പിഴ കൂടാതെയും 14 വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല.

## തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അപേക്ഷിക്കാം

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രയിനിങ് ഡിവിഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ മാനേജ്മെന്റ്, 3ഉ ആനിമേഷൻ, ഡോട്ട് നെറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് ഇൻ മൊബൈൽ ഫോൺ സർവ്വീസിംഗ്, ഡിജിറ്റൽ വീഡിയോഗ്രാഫി ആൻഡ് നോൺ ലീനിയർ വീഡിയോ എഡിറ്റിംഗ് എന്നീ ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യ മായിരിക്കും. പഠന കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/എസ്.ഇ. ബി.സി/മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

അപേക്ഷാ ഫോം 100 രൂപയ്ക്ക് സെന്ററിൽ നേരിട്ടും / മണിഓർഡറായി 135 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ തപാലിലും ലഭിക്കും. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവന ന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 04712474720, 04712467728 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. Web Site: www.captkerala.com . അവസാന തീയതി ഫെബ്രുവരി 29.

## ശുദ്ധജലക്ഷാമം അതിരൂക്ഷം; സമരത്തിനൊരുങ്ങി നാട്ടുകാർ

കോട്ടയം: ശുദ്ധജലക്ഷാമം രൂക്ഷമായതോടെ സമരത്തിനൊരുങ്ങി നാട്ടുകാർ. വിജയപുരം പഞ്ചായത്തിൽ ഉൾപ്പെടുന്ന കഞ്ഞിക്കുഴി പാലം, തങ്കപ്പൻമാടം, കളത്തിപ്പടി, പാറേപ്പറമ്പ്, കുന്നംപള്ളി, മധുരംചേരി, ചെറിയത്തിൽ ലൈൻ എന്നിവിടങ്ങളിലാണു കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുന്നത്.

വേനൽക്കാലത്തിന് തുടക്കമായപ്പൊഴെ പ്രദേശവാസികൾ കുടിവെള്ളം ലഭിക്കാതെ ദുരിതമനുഭവിക്കുകയാണ്. രണ്ടും മൂന്നും തവണ ലോറിവെള്ളം കൊണ്ടുവരേണ്ട സാഹചര്യമാണു നിലവിൽ. ജല അഥോറിറ്റി, ജൽ ജീവൻ പദ്ധതി എന്നിവയിലൂടെയാണു ഈ പ്രദേശങ്ങളിൽ വെള്ളം ലഭിച്ചിരുന്നത്.

എന്നാൽ, കഴിഞ്ഞ വർഷം സെപ്റ്റംബർ മുതൽ കുടിവെള്ളം മുടങ്ങി കിടക്കുകയാണ്. അധികാരികളെ അറിയിച്ചെങ്കിലും പൈപ്പ് പൊട്ടി, വാൽവ് തകരാർ, കരാറെടുക്കാൻ ആളില്ല, പിഡബ്ല്യുഡിയുടെ അനുവാദം കിട്ടിയില്ല തുടങ്ങിയ മുടന്തൻ ന്യായങ്ങളാണു മറുപടി.

പഴയ പൈപ്പ് ലൈൻ മാറ്റുന്നതിനും ജൽജീവൻ പദ്ധതി ലൈൻ സ്ഥാപിക്കുന്നതിനും റോഡുകൾ തലങ്ങും വിലങ്ങും കുത്തിപ്പൊളിച്ചതു കാരണം യാത്രക്കാരും ഏറെ ബുദ്ധിമുട്ടിലാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് നാട്ടുകാർ സമരത്തിലേക്ക് നീങ്ങുന്നത്.

## പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് പ്രവേശനം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തിവരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിന്റെ 20232024 വർഷത്തെ പ്രവേശനത്തിന് ഫെബ്രുവരി 29 വരെ അപേക്ഷിക്കാം. 50 ശതമാനം മാർക്കോടെ ശാസ്ത്ര വിഷയത്തിൽ ബിരുദം നേടിയ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. സൈക്കോളജിയിലോ ഹോം സയൻസിലോ ബിരുദം നേടിയവർക്കും അപേക്ഷിക്കാം. എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് 45 ശതമാനം മാർക്ക് മതിയാകും. എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് യോഗ്യതാ പരീക്ഷ പാസ്സായാൽ മതി. പ്രോസ്പെക്ടസ്സ് www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫെബ്രുവരി 29 വരെ ഓൺലൈനിലൂടെയോ അല്ലെങ്കിൽ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകൾ വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ചോ അപേക്ഷാഫീസ് അടയ്ക്കാം. അപേക്ഷാ ഫീസ് പൊതു വിഭാഗത്തിന് 800 രൂപയും, എസ്.സി./എസ്സ്.ടി വിഭാഗത്തിന് 400 രൂപയുമാണ്. തുടർന്ന് അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് ഓൺലൈനായി 2024 മാർച്ച് 2 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 64

## വാഹന സുരക്ഷ : സി.ഇ.ടിയുടെ ഹെൽമെറ്റ് സാങ്കേതിക വിദ്യയ്ക്കു പേറ്റന്റ്

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നിൽ നിൽക്കുന്ന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനു (CET) മറ്റൊരു പൊൻതൂവൽ കൂടി . വാഹന സുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന സ്മാർട്ട് ഹെൽമെറ്റ് സാങ്കേതിക വിദ്യയ്ക്ക് കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് ലഭിച്ചു. മോട്ടോർ വെഹിക്കിൾ വിഭാഗത്തിനു മുതൽക്കൂട്ടാകുന്നതാണ് പുതിയ കണ്ടുപിടിത്തം.

ഹെൽമെറ്റിൽ ഘടിപ്പിച്ചിട്ടുള്ള ബിൽറ്റ് ഇൻ ഗ്യാസ് സെൻസർ ആൾക്കഹോളിന്റെ സാന്നിധ്യം തിരിച്ചറിയുകയും അതിലൂടെ വാഹനം ഓഫ് ആവുകയും ചെയ്യുന്നു. അതോടൊപ്പം ഹെൽമെറ്റ് ധരിച്ചാൽ മാത്രമേ വാഹനം സ്റ്റാർട്ട് ആക്കാൻ സാധിക്കുകയുള്ളൂ. റേഡിയോ ഫ്രീക്വൻസി സാങ്കേതിക വിദ്യയിലൂടെ ട്രാഫിക് പരിശോധന ലളിതമാക്കാനും റോഡ് സുരക്ഷ ഉറപ്പാക്കാനും സാധിക്കും. ഇതിലൂടെ നിലവിൽ ഉപയോഗിക്കുന്ന ബ്രീത് അനലൈസർ സംവിധാനം ഒഴിവാക്കാനും വാഹന പരിശോധന കൂടുതൽ സുതാര്യമാക്കാനും കഴിയും.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ (CET) 2016 ബാച്ച് ഇലക്ട്രോണിക്സ് വിഭാഗം വിദ്യാർഥിനികളായിരുന്ന ആതിര രശ്മി എൻ., ആതിര യു.വി., ആതിര എ. എന്നിവർ ഡോ. ആർ.ശിവകുമാറിന്റെ മാർഗനിർദേശപ്രകാരമാണ് വികസിപ്പിച്ചെടുത്തത്. നിലവിൽ അദ്ദേഹം വയനാട് ഗവ: എഞ്ചിനീയറിംഗ് കോളേജിൽ അസ്സോസിയേറ്റ് പ്രൊഫസർ ആയി ജോലി ചെയ്യുന്നു.

## സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആൻഡ് ഡി.ടി.പി ഓപ്പറേഷൻ കോഴ്സിന് അപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആൻഡ് ഡി.ടി.പി ഓപ്പറേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠനകാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

തിരുവനന്തപുരം (0471 2474720), എറണാകുളം (0484 2605322), കോഴിക്കോട (0495 2356591) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്. അപേക്ഷ ഫോറം 100 രൂപയ്ക്ക് അതാത് സെന്ററിൽ നിന്നും നേരിട്ടും മണി ഓർഡറായി 130 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പിടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ തപാലിലും/വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് 0471 2474720, 0471 2467728 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. വെബ്സൈറ്റ്: www.captkerala.com. അപേക്ഷകൾ ഫെബ്രുവരി 16 വരെ സ്വീകരിക്കും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

കളമശേരി ഗവ. ഐ.ടി.ഐ ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ. അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം ൽ (ഗവ. എ.വി.ടി.എസ്. കളമശ്ശേരി) ആട്ടോ കാഡ് (2ഡി, 3ഡി, 3ഡി എസ്. മാക്സ്) സെക്ഷനിലേക്ക് ഓപ്പൺ വേക്കൻസിയിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിൽ ഒരു താത്ക്കാലിക ഒഴിവുണ്ട്. സിവിൽ/മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമ/ ഡിഗ്രിയും, ആട്ടോ കാഡിൽ 3 വർഷം പ്രവർത്തന പരിചയവുമാണ് യോഗ്യത. മണിക്കൂറിന് 240/ രൂപ നിരക്കിൽ പരമാവധി 24,000/ രൂപയാണ് പ്രതിമാസം ലഭിക്കും. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫെബ്രുവരി ആറിനു രാവിലെ 10.30 ന് എ.വി.ടി.എസ് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 8089789828, 04842557275.

## ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

202324 അധ്യയന വർഷത്തെ എൽ.എൽ.ബി (3 വർഷം/5 വർഷം) പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'LLB 3Year 2023 Candidate Portal or LLB 5Year 2023 Candidate Portal' എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ നൽകി പ്രവേശിച്ച് 'Submit Bank Account Details' എന്ന മെനു ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഫെബ്രുവരി ഏട്ടിനു അഞ്ചിനകം ഓൺലൈനായി സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300

# തിരക്കേറിയ റോഡിൽ വാഹന പരിശോധന: പൊതുപ്രവർത്തകർ ഇടപെട്ട് തടഞ്ഞു

കട്ടപ്പന: കട്ടപ്പനയിൽ വാഹന പരിശോധനയ്ക്കെത്തിയ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും പൊതു പ്രവർത്തകരും തമ്മിൽ തർക്കം. തിരക്കേറിയ പാതകളിൽ ഗതാഗത തടസം സൃഷ്ടിക്കുന്ന തരത്തിൽ പരിശോധന നടത്തുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നായിരുന്നു ആരോപണം.

രാവിലെ മുതൽ ഇടുക്കി ആർടിഒയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ കട്ടപ്പന നഗരത്തിൽ പലയിടങ്ങളിലും വാഹന പരിശോധന നടത്തിയിരുന്നു. ഹെൽമെറ്റ് ധരിക്കാതെ എത്തുന്ന ബൈക്ക് യാത്രികരായിരുന്നു പ്രധാന ലക്ഷ്യം.

കെഎസ്ഇബി ജംഗ്ഷനിൽ പൊതുവേ വീതി കുറഞ്ഞതും തിരക്കുമുള്ളതുമായ വൺവേയിലായിരുന്നു ആദ്യം പരിശോധന, പിന്നീട് വൈകുന്നേരം നാലരയോടെ ദീപിക ജംഗ്ഷനിൽ ഗുരുമന്ദിരം വൺവേയിൽ പരിശോധന ആരംഭിച്ചതോടെയാണ് കട്ടപ്പന നഗരസഭാ വൈസ് ചെയർമാൻ അടക്കമുള്ള പൊതു പ്രവർത്തകർ ഇടപെട്ടത്.

തിരക്കേറിയ ഇത്തരം റോഡുകളിൽ വാഹന പരിശോധന നടത്തുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി പൊതുപ്രവർത്തകർ പരിശോധനാ ഉദ്യോഗസ്ഥരെ അറിയിച്ചു.

അതേസമയം വാഹന പരിശോധന ഡ്യൂട്ടിയുടെ ഭാഗമാണെന്നു വിശദീകരിച്ച് ഉദ്യോഗസ്ഥർ പരിശോധന തുടർന്നു. തിരക്കേറിയ വൺവേകളിൽ വാഹന പരിശോധന വലിയ ഗതാഗതക്കുരുക്കിന് ഇടയാക്കിയിട്ടുണ്ട്. പൊതുവേ വീതി കുറഞ്ഞ റോഡുകളുള്ള കട്ടപ്പന ടൗണിനുള്ളിൽ തിരക്കുള്ള സ്ഥലങ്ങൾ ഒഴിവാക്കി യാത്രികർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത സ്ഥലങ്ങൾ പരിശോധനയ്ക്കായി തെരഞ്ഞെടുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



*ആര്യനാട് ഡോ. എ.പി.ജെ അബ്ദുൾകലാം സ്റ്റേഡിയം ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിച്ചു*

## കുടുംബ ജീവിതത്തിൽ മാതാപിതാക്കളുടെ അധ്വാനവും കഷ്ടപ്പാടും മക്കൾ അറിയണം

പെരുവണ്ണാമൂഴി: കുടുംബ ജീവിതത്തിൽ മാതാപിതാക്കളുടെ അധ്വാനവും കഷ്ടപ്പാടും മക്കൾക്ക് അറിയാനുള്ള അവസരം ഒരുക്കി വേണം അവരെ വളർത്തേണ്ടതെന്നു താമരശേരി രൂപത വികാരി ജനറാൾ മോൺ. ഏബ്രഹാം വയലിൽ. ചെമ്പനോട സെൻറ് ജോസഫ് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും ഒപ്പം ഇടവക തിരുനാളും ആഘോഷിക്കുന്നതിൻറെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു വചന പ്രഘോഷണം നടത്തുകയായിരുന്നു അദ്ദേഹം.

തിരുനാളാഘോഷത്തിൻറെ ഭാഗമായി പ്രദക്ഷിണവും സ്നേഹവിരുന്നും നടന്നു. ഇടവക വികാരി ഫാ. റോയ് കൂനാനിക്കൽ, ഫാ. ജോസ് പുത്തേട്ടു പടവിൽ, ഫാ. ജോൺസ് പുൽപ്പറമ്പിൽ സഹകാർമികരായിരുന്നു. ഡീക്കൻ ഡിനു മഞ്ഞനാൽ, ട്രസ്റ്റിമാരായ ജോസ് കിഴക്കാരക്കാട്ട്, ദേവസ്യാച്ചൻ അമ്പാട്ട്, ജോർജ് കുട്ടി വെട്ടിക്കാല, ടോമി വള്ളിക്കാട്ടിൽ, പാരീഷ് സെക്രട്ടറി റോയ് കടക്കൽ എന്നിവർ നേതൃത്വം നൽകി.

## വൈകിയെത്തിയ മഞ്ഞുകാലം: തണുത്തുറഞ്ഞ് മൂന്നാർ; സീസണിൽ ആദ്യമായി പൂജ്യത്തിന് താഴെ

മൂന്നാർ: അതിശൈത്യത്തിനെ പിടിയിലായി മൂന്നാർ. ഈ സീസണിൽ ആദ്യമായി ഇന്നു പുലർച്ചെ താപനില പൂജ്യത്തിനു താഴെയെത്തി. ഗുണ്ടുമല, കടുകുമുടി, ദേവികുളം മേഖലയിലാണ് ഏറ്റവും കൂടുതൽ തണുപ്പ് രേഖപ്പെടുത്തിയത്.

താപനില പൂജ്യത്തിനു താഴെയെത്തിയതോടെ പുൽമേടുകളിൽ വെള്ളം തണുത്തുറഞ്ഞ നിലയിലായിരുന്നു. മൂന്നാറിൽ സാധാരണയായി ഡിസംബർ അവസാനമോ ജനുവരി ആദ്യമോ ആണ് അതിശൈത്യമെത്തുന്നത്. എന്നാൽ ഈ വർഷം കാലാവസ്ഥാ വ്യതിയാനം മൂലം ജനുവരി വരെ മഴ ലഭിച്ചു. ഇത്തവണ വൈകിയെങ്കിലും സഞ്ചാരികൾ കാത്തിരുന്ന കാലാവസ്ഥയെത്തി.

ചെണ്ടുവര, തെന്മല, ലക്ഷ്മി, ചിറ്റുവര, എല്ലപ്പെട്ടി, ചൊക്കനാട് എന്നിവിടങ്ങളിൽ ഞായറാഴ്ച പുലർച്ചെ രണ്ടു ഡിഗ്രി സെൽഷ്യസ് വരെ താപനില താഴ്ന്നിരുന്നു. മൂന്നാർ ടൗൺ, നല്ലതണ്ണി, നടയാർ എന്നിവിടങ്ങളിൽ നാലു ഡിഗ്രി സെൽഷ്യസും രേഖപ്പെടുത്തി.

## തട്ടിയിട്ട ശേഷം എടുത്തെറിഞ്ഞു; വയനാട്ടിൽ കാട്ടാനയുടെ ആക്രമണത്തിൽ വിദ്യാർഥിക്ക് പരിക്ക്

പുൽപ്പള്ളി: വയനാട് പുൽപ്പള്ളിയിൽ കാട്ടാനയുടെ ആക്രമണത്തിൽ വിദ്യാർഥിക്ക് ഗുരുതരപരിക്ക്. പാക്കം കാരേരിക്കുന്ന് കോളനിയിലെ വിജയൻ കമലാക്ഷി ദമ്പതികളുടെ മകൻ ശരത്തിനെയാണ് (14) കാട്ടാന ആക്രമിച്ചത്.

ഞായറാഴ്ച രാത്രിയാണ് സംഭവം. കടയിൽനിന്ന് സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് മടങ്ങവേ ശരത് ആനയുടെ മുന്നിൽപെടുകയായിരുന്നു. ഇരുട്ടായതിനാൽ കാട്ടാനയുടെ സാന്നിധ്യം കുട്ടി അറിഞ്ഞില്ല. രക്ഷപെടാൻ ശ്രമിച്ച ശരത്തിനെ തുമ്പിക്കൈ കൊണ്ട് തട്ടിയിട്ട ശേഷം ആന എടുത്തെറിഞ്ഞു.

ഗുരുതപരിക്കേറ്റ ശരത് നിലവിൽ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ആദ്യം പുൽപ്പള്ളിയിലെ ആശുപത്രിയിൽ എത്തിച്ച കുട്ടിയെ ആരോഗ്യ സ്ഥിതി വഷളായതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോകുകയായിരുന്നു. കുട്ടി അപകടനില തരണം ചെയ്തിട്ടില്ലെന്നാണ് !ഡോക്ടർമാർ അറിയിച്ചത്.

## കിടക്ക കിട്ടാൻ ഭാഗ്യം വേണം; മെഡിക്കൽകോളജിൽ രോഗികൾക്കു കിടക്കയില്ലാതെ ദുരിതമെന്ന് പരാതി

മെഡിക്കൽകോളജ്: രോഗം ബാധിച്ച് എത്തിയാൽ കിടക്ക കിട്ടണമെങ്കിൽ ഭാഗ്യം കനിയണമെന്ന അവസ്ഥയാണ് മെഡിക്കൽ കോളജിലെന്ന് രോഗകളും കൂട്ടിരിപ്പുകാരും. തിരുവനന്തപുരം മെഡിക്കൽകോളജിലെ ഒമ്പതാം വാർഡിൽ ഉൾപ്പെടെയുള്ള രോഗികളുടെ അവസ്ഥയാണ് ഇത്. കൂടുതലും അന്യ ജില്ലകളിൽ നിന്നെത്തുന്നവരാണ് മിക്ക വാർഡുകളിലുമുള്ളത്.

ഇവർ ഡിസ്ചാർജ് ചെയ്തു പോകുന്ന മുറയ്ക്കാണ് ബാക്കിയുള്ളവർക്ക് കട്ടിൽ ലഭിക്കുന്നത്. ഒരു രോഗി ഡിസ്ച്ചാർജാകാൻ സമയമെടുത്താൽ, ഒരുപക്ഷേ രോഗം ബാധിച്ചെത്തുന്നയാളുടെ കിടത്തവും ഉറക്കവും ചികിത്സയുമെല്ലാം തറയിൽത്തന്നെയാവും! കൊല്ലം സ്വദേശിയായ ശിവപ്രസാദ് (64) ശ്വാസസംബന്ധമായ അസുഖത്തിന് ചികിത്സയ്ക്കെത്തിയിരുന്നു.

കഴിഞ്ഞ വെള്ളിയാഴ്ച അഡ്മിറ്റ് ചെയ്തു. പക്ഷേ തറയിലാണെന്നു മാത്രം. തലയിൽ വിരിക്കുന്ന ഒരുതരം മെത്തയും തലയണയും സ്വന്തം കൈയിൽനിന്നു പണം മുടക്കി വാങ്ങേണ്ടിവന്നു.

വാർഡിലെപ്പോലെയല്ല, ചൂടു കനത്തതോടെ ഇടനാഴിയിലും അതിൻറെ പ്രതിഫലനമുണ്ട്. രാത്രിയായാൽ കൊതുകുശല്യമുള്ളതായും ഒരു സുരക്ഷിതത്ത്വവുമില്ലെന്നും ശിവപ്രസാദ് പറയുന്നു.

ചില വാർഡുകളിൽ കട്ടിലുകളുടെ എണ്ണം കുറവാണ്. ഞായറാഴ്ച 25ഓളം രോഗികളാണ് തറയിൽ കിടന്നതെന്നാണ് കൂട്ടിരിപ്പുകാരിൽ ചിലർ പറയുന്നത്. ഇതോടെ രോഗത്തിന് തറയിൽ കിടന്ന് ചികിത്സതേടി മരുന്നും വാങ്ങി മടങ്ങേണ്ട അവ സ്ഥയാണ് മെഡിക്കൽ കോള ജിൽ എത്തുന്ന രോഗികൾക്കെ ന്ന് ആക്ഷേപം ശക്തമാകുന്നു.

# സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ യൂണിറ്റ്: മന്ത്രി വീണാ ജോർജ്

### 5 താലൂക്ക് ആശുപത്രികളിൽ കൂടി ദന്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി

സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ യൂണിറ്റ് ഉടൻ യാഥാർത്ഥ്യമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആർദ്രം മാനദണ്ഡ പ്രകാരം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരു ദന്തൽ സർജൻ, ഒരു ദന്തൽ ഹൈജീനിസ്റ്റ്, ഒരു ദന്തൽ മെക്കാനിക്ക് എന്നീ തസ്തികകളോട് കൂടിയ ദന്തൽ യൂണിറ്റ് സജ്ജമാക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ദന്തൽ യൂണിറ്റ് നിലവിലില്ലാത്ത 5 താലൂക്ക് ആശുപത്രികളിലാണ് പുതുതായി ദന്തൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

കാസർഗോഡ് ബേഡഡുക്ക താലൂക്ക് ആശുപത്രി, മംഗൾപ്പാടി താലൂക്ക് ആശുപത്രി, മലപ്പുറം കൊണ്ടോട്ടി താലൂക്ക് ആശുപത്രി, ഇടുക്കി കട്ടപ്പന താലൂക്ക് ആശുപത്രി, കൊല്ലം പത്തനാപുരം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലാണ് ദന്തൽ യൂണിറ്റുകൾ ആരംഭിക്കുന്നത്. ദന്തൽ മേഖലയുടെ പുരോഗതിയ്ക്കായി ആരോഗ്യ വകുപ്പ് വലിയ പ്രാധാന്യമാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ ദന്തൽ ചികിത്സ ലഭ്യമാണ്. ദേശീയ റാങ്കിംഗിൽ ആദ്യമായി തിരുവനന്തപുരം ദന്തൽ കോളേജ് ഇടംപിടിച്ചു. ദന്താരോഗ്യം ഉറപ്പ് വരുത്താനായി ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് ദേശീയ ശ്രദ്ധയാകർഷിച്ച മന്ദഹാസം, പുഞ്ചിരി, വെളിച്ചം, ദീപ്തം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ച് 60 വയസിന് മുകളിൽ പ്രായമായ ബിപിഎൽ വിഭാഗത്തിലെ വയോജനങ്ങൾക്ക് സൗജന്യമായി കൃത്രിമ പല്ല് വച്ച് കൊടുന്നതാണ് മന്ദഹാസം. ഇതുവരെ 7,000ലധികം വയോജനങ്ങൾക്ക് പല്ല് വച്ചു കൊടുത്തു. ആറിനും പതിനാറിനും ഇടയിൽ പ്രായമുള്ള സ്കൂൾ കുട്ടികൾക്ക് സമ്പൂർണ ദന്ത പരിരക്ഷ ഉറപ്പാക്കുന്ന സൗജന്യ പദ്ധതിയാണ് പുഞ്ചിരി. കേരളത്തിലെ എല്ലാ ആദിവാസി മേഖലകളിലേയും ഗോത്ര വിഭാഗക്കാർക്കും തീരദേശ മേഖലയിലെ പ്രായം ചെന്നവർക്കും സൗജന്യ ഓറൽ കാൻസർ സ്ക്രീനിംഗും ചികിത്സയും ഉറപ്പ് വരുത്തുന്നതാണ് വെളിച്ചം പദ്ധതി. ഭിന്നശേഷി കുട്ടികൾക്ക് എല്ലാത്തരം ദന്തപരിരക്ഷയും ദീപ്തം പദ്ധതി വഴി ഉറപ്പാക്കുന്നു.

# കേരള ലക്ഷദ്വീപ് മികച്ച ഡയറക്ടറേറ്റ്

### റിപ്പബ്ലിക് ദിന ക്യാമ്പിൽ അഭിമാനനേട്ടവുമായി കേരള എൻ.സി.സി; ആദരമൊരുക്കും: മന്ത്രി ഡോ. ബിന്ദു

ഈ വർഷത്തെ റിപ്പബ്ലിക് ദിന ക്യാമ്പിൽ കേരള എൻ.സി.സിയ്ക്ക് രണ്ടാം സ്ഥാനം ലഭിച്ചതായി ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ.ആർ ബിന്ദു അറിയിച്ചു. രാജ്യത്തെ ഏറ്റവും മികവാർന്ന പ്രവർത്തനങ്ങൾ നടത്തിയ ഡയറക്ടറേറ്റിനുള്ള ട്രോഫി സ്വന്തമാക്കി കേരള ലക്ഷദ്വീപ് ഡയറക്ടറേറ്റ് ചരിത്രം കുറിച്ചുവെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ വർഷം നടന്ന എൻസിസിയുടെ ഓവറോൾ പ്രകടനത്തിന് അഖിലേന്ത്യാതലത്തിൽ കേരള എൻസിസി ഇത്തവണ നാലാം സ്ഥാനവും സ്വന്തമാക്കി. 2023ലെ പതിനൊന്നാം സ്ഥാനം മെച്ചപ്പെടുത്തിയാണ് കേരളം തിളക്കമാർന്ന ഈ നേട്ടം കൈവരിച്ചത്. ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ച് സംസ്ഥാനത്തിന് അഭിമാനമായി മാറിയ കേഡറ്റുകളെ ഫെബ്രുവരി അഞ്ചിന് ആദരിക്കുമെന്നും മന്ത്രി പറഞ്ഞു. വൈകിട്ട് അഞ്ചു മണിയ്ക്ക് പാങ്ങോട് കരിയപ്പ ഓഡിറ്റോറിയത്തിൽ നടക്കുന്ന അനുമോദന ചടങ്ങ് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും.

2023 ഡിസംബർ 30 മുതൽ 2024 ജനുവരി 29 വരെ ഡൽഹിയിലായിരുന്നു റിപ്പബ്ലിക് ദിന ക്യാമ്പ്. കേരളത്തിൽ നിന്ന് പങ്കെടുത്ത 124 കേഡറ്റുകളും വിവിധ മത്സരങ്ങളിൽ മികച്ച പ്രകടനമാണ് കാഴ്ചവച്ചതെന്ന് മന്ത്രി ഡോ. ബിന്ദു പറഞ്ഞു. വിവിധ മത്സരങ്ങളിൽ ഇന്നവേഷൻ വിഭാഗത്തിൽ ഒന്നാം സ്ഥാനവും ബാലെയ്ക്ക് രണ്ടാം സ്ഥാനവും ഗ്രൂപ്പ് ഡാൻസിന് മൂന്നാം സ്ഥാനവും കേരളത്തിന് ലഭിച്ചു. സർജന്റ് ചിൻമയി ബാബുരാജ്, ജൂനിയർ ആർമി ബെസ്റ്റ് കേഡറ്റ് മത്സരത്തിൽ വെള്ളി മെഡൽ നേടി. കോർപ്പറൽ ആകാശ് സൈനിയ്ക്ക് അശ്വാരൂഢ മത്സരത്തിന്റെ ഹാക്സ് ഇനത്തിന് വെങ്കല മെഡൽ ലഭിച്ചു. സർജന്റ് സെയിദ് മുഹമ്മദ് ഷാഹിൽ എൻ. കെ സീനിയർ നേവൽ ബെസ്റ്റ് കേഡറ്റിനുള്ള വെങ്കല മെഡൽ കരസ്ഥമാക്കി. ഡയറക്ടർ ജനറൽ എൻ.സി.സി ന്യൂഡൽഹിയുടെ പ്രത്യേക പരാമർശത്തിന് രണ്ട് കേഡറ്റുകൾ അർഹരായി മന്ത്രി ബിന്ദു പറഞ്ഞു.

ദേശീയ തലത്തിൽ കേരള ലക്ഷദ്വീപ് എൻ.സി.സി. ഡയറക്ടറേറ്റ് കരസ്ഥമാക്കിയ ഈ മികവാർന്ന നേട്ടത്തിന് കേരള സർക്കാർ നൽകിയ എല്ലാ പിന്തുണയ്ക്കും എൻ സി സി അഡീഷണൽ ഡയറക്ടർ ജനറൽ മേജർ ജനറൽ ജെ.എസ്. മങ്കത്ത് വി.എസ്.എം അഭിനന്ദനവും നന്ദിയും അറിയിച്ചതും മന്ത്രി പങ്കുവെച്ചു. തിരുവനന്തപുരം സെൻട്രൽ റെയിൽവെ സ്റ്റേഷനിൽ തിരിച്ചെത്തിയ കേഡറ്റുകൾക്ക് വർണ്ണാഭമായി വരവേറ്റുവെന്നും മന്ത്രി ഡോ ആർ ബിന്ദു പറഞ്ഞു.

## ഹൈക്കോടതി മാറ്റിസ്ഥാപിക്കാനുള്ള തീരുമാനത്തിനെതിരെ അഭിഭാഷകർ

കൊച്ചി: കളമശേരിയിലേക്ക് ഹൈക്കോടതി മാറ്റി സ്ഥാപിക്കാനുള്ള തീരുമാനത്തിനെതിരെ അഭിഭാഷകർ. ഹൈക്കോടതി അഭിഭാഷക അസോസിയേഷന്റെ ഇന്നലെ ചേർന്ന ജനറൽ ബോഡി യോഗമാണ് എതിർപ്പുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചത്. കളമശേരിയിലെ എച്ച്എംടിയുടെ 25 ഏക്കർ സ്ഥലത്ത് ജുഡീഷ്യൽ സിറ്റി സ്ഥാപിച്ച് ഹൈക്കോടതി അവിടേക്ക് മാറ്റാനായിരുന്നു സർക്കാർ തീരുമാനം.

അഭിഭാഷക അസോസിയേഷനുമായി ആലോചിക്കാതെയാണ് കോടതി മാറ്റുന്ന കാര്യത്തിൽ തീരുമാനം എടുത്തതെന്നും യോഗം വിലയിരുത്തി. ഹൈക്കോടതിക്ക് സമീപമുള്ള ഹൗസിങ് ബോർഡിന്റെ സ്ഥലം ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് അസോസിയേഷൻ ആവശ്യപ്പെടും. ഇക്കാര്യത്തിൽ തുടർനടപടികൾക്കും യോഗം തീരുമാനിച്ചു.

കളമശേരിയിലേക്കു കോടതി മാറുമ്പോൾ അഭിഭാഷകർക്ക് എന്തെല്ലാം സൗകര്യങ്ങൾ വേണമെന്ന് ആരാഞ്ഞ് രജിസ്ട്രാർ കഴിഞ്ഞ ദിവസം കത്ത് നൽകിയിരുന്നു. ഇതിനെ തുടർന്നാണ് ഇന്നലെ യോഗം വിളിച്ചുചേർത്തത്.

## ഫോണിൽ നഗ്നതാ പ്രദർശനം: നടിയുടെ പരാതിയിൽ യുവാവിനെ അറസ്റ്റ് ചെയ്തു

കൊച്ചി: വീഡിയോ കോൾ വിളിച്ച് നടിക്കു മുന്നിൽ നഗ്നത പ്രദർശിപ്പിച്ച യുവാവ് അറസ്റ്റിൽ. ഇരിങ്ങാലക്കുട താണിശേരി വെളുത്തേടത്ത് പറമ്പിൽ നിഷാന്തി(31)നെയാണ് ഇൻഫോപാർക്ക് സിഐ പി. ആർ. സന്തോഷിൻറെ നേതൃത്വത്തിലുള്ള പോലീസ് സംഘം കോഴിക്കോടുനിന്ന് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ഡിസംബർ 12 നായിരുന്നു സംഭവം. സിനിമാ നടിയും നിർമാതാവുമായ യുവതി താമസിച്ച ഹോംസ്റ്റേയിൽ അവരുടെ ഫോൺ നമ്പറും അഡ്രസും നൽകിയിരുന്നു. ഹോംസ്റ്റേ ജീവനക്കാരനായ നിഷാന്ത് പിന്നീട് ഈ ഫോൺ നമ്പർ കൈക്കലാക്കി അർധരാത്രിയോടെ വീഡിയോ കോൾ വിളിച്ച് തൻറെ നഗ്നത പ്രദർശിപ്പിക്കുകയായിരുന്നു.

നടിയുടെ പരാതിയിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ച ഇൻഫോപാർക്ക് പോലീസ് കോഴിക്കോടുള്ള ഹോട്ടലിൽനിന്ന് കഴിഞ്ഞ രാത്രിയിൽ പ്രതിയെ പിടികൂടിയത്.

ഐടി വിദഗ്ധനായ പ്രതി പിടിക്കപ്പെടാതിരിക്കാനുള്ള മുൻ കരുതലുകൾ എടുത്തിരുന്നെങ്കിലും ഇതിനെ മറികടന്നാണ് പോലീസ് സംഘം പ്രതിയെ പൊക്കിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## കരിങ്കൽ ക്വാറി മാലിന്യം തോട്ടിലേക്ക് ഒഴുക്കുന്നതായി പരാതി

മുക്കം: കരിങ്കൽ ക്വാറി മാലിന്യം തോട്ടിലേക്ക് ഒഴുക്കുന്നതായി പരാതി. ഇതിനെതിരേ പ്രതിഷേധവുമായി നാട്ടുകാരും ജനപ്രതിനിധികളും രംഗത്തെത്തി. കാരശേരി പഞ്ചായത്തിലെ പന്നിമുക്ക് ഭാഗത്താണ് തോട്ടിലേക്ക് സ്ലറി ഉൾപ്പെടെയുള്ള കരിങ്കൽ ക്വാറി മാലിന്യം മാസങ്ങളായി ഒഴുക്കിവിടുന്നതെന്ന് നാട്ടുകാർ ചൂണ്ടിക്കാണിക്കുന്നു.

പാറത്തോട് കരിമ്പുഴി ഭാഗത്ത് നിന്നും ഉത്ഭവിക്കുന്ന ഈ തോട് പന്നിമുക്ക് കുട്ടികുന്ന്, ആക്കോട്ടുചാൽ വഴി ചെറുപുഴയിൽ എത്തിച്ചേരുന്നു. ഈ തോടിൻറെ ഇരുവശത്തുമായി താമസിക്കുന്ന വീട്ടുകാർ വിവിധ ആവശ്യങ്ങൾക്കായി നിത്യേന ഉപയോഗിക്കുന്നതാണിത്. വേനൽക്കാലം ആയതിനാൽ വെള്ളം വളരെ കുറവാണ്.

ഈ തോട്ടിലേക്കാണ് ദിവസവും രാത്രി 12 ന് ശേഷം മോട്ടോർ വച്ച് പമ്പ് ചെയ്തു ക്വാറിയിലെ മാലിന്യങ്ങൾ തള്ളിവിടുന്നതെന്ന് നാട്ടുകാർ ആരോപിക്കുന്നു. കഴിഞ്ഞ അഞ്ച് ദിവസങ്ങളിലായി പലതരത്തിൽ അന്വേഷിച്ചിട്ടും എവിടെ നിന്നാണ് തോട്ടിലേക്ക് സ്ലറി ഒഴുക്കിവിടുന്നതെന്ന് കണ്ടെത്തിയിരുന്നില്ല.

പഞ്ചായത്ത് അംഗങ്ങളും രാഷ്ട്രീയ പാർട്ടി പ്രവർത്തകരും നാട്ടുകാരും ചേർന്ന് തോട്ടിലൂടെ ഇറങ്ങി നടത്തിയ അന്വേഷണത്തിലാണ് വലിയ രൂപത്തിൽ പമ്പിംഗ് ചെയ്തു തോട്ടിലേക്ക് ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപെട്ടത്. ഇത് നിയമത്തിൻറെ നഗ്നമായ ലംഘനമാണെന്നും നിയമ നടപടികൾ സ്വീകരിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

## ആത്മഹത്യ ചെയ്ത ഭിന്നശേഷിക്കാരനായ കർഷകനെ അപഹസിക്കരുത്: കർഷക കോൺഗ്രസ്

കോഴിക്കോട്: ക്ഷേമ പെൻഷൻ കിട്ടാത്തതിൽ പ്രതിഷേധിച്ച് പിച്ചച്ചട്ടിയെടുത്ത മറിയക്കുട്ടിക്കെതിരേ സിപിഎം വ്യാജ വാർത്ത പ്രചരിപ്പിച്ചതുപോലെ ആത്മഹത്യ ചെയ്ത ചക്കിട്ടപാറ മുതുകാട്ടിലെ പാപ്പച്ചൻ എന്ന ജോസഫ് വളയത്തിൻറെ കാര്യത്തിൽ ഉണ്ടാകരുതെന്ന് ചക്കിട്ടപാറ പഞ്ചായത്ത് പ്രസിഡൻറിനോടും പഞ്ചായത്ത് ഭരണ സമിതിയോടും കർഷക കോൺഗ്രസ് കോഴിക്കോട് ജില്ലാ പ്രസിഡൻറ് അഡ്വ. ബിജു കണ്ണന്തറ ആവശ്യപ്പെട്ടു.

ജീവിക്കാൻ ഗതിയില്ലാതെ ആത്മഹത്യ ചെയ്ത ഭിന്നശേഷിക്കാരനായ ഒരു കർഷകനെ അപമാനിക്കാനാണ് പഞ്ചായത്ത് പ്രസിഡൻറ് ശ്രമിക്കുന്നത്. നാലുമാസത്തെ പെൻഷൻ മുടങ്ങി എന്ന് സമ്മതിക്കുന്ന പ്രസിഡൻറ്, മുൻവർഷത്തിൽ കൊടുത്ത തൊഴിലുറപ്പു വേതനത്തിൻറെ കാര്യം പറയുന്നതിലൂടെ ഇരുട്ടുകൊണ്ട് ഓട്ടയടക്കാൻ ശ്രമിക്കുകയാണ്.

പെൻഷൻ മുടങ്ങിയത്കൊണ്ട് സാമ്പത്തിക പ്രയാസം ഉണ്ടെന്ന് നേരിട്ട് പറഞ്ഞിട്ടും ആ വാർഡിലെ മെമ്പർ കൂടിയായ പഞ്ചായത്ത് പ്രസിഡൻറ് ജീവിക്കാനുള്ള സാഹചര്യം ഒരുക്കിയില്ല എന്ന് മാത്രമല്ല ആത്മഹത്യ ചെയ്തയാളെ അപകീർത്തിപ്പെടുത്തുവാനാണു ശ്രമിക്കുന്നത്.

വിവാദ പ്രസ്താവനകൾ നടത്തുന്നതും, പത്ര മാധ്യമങ്ങൾക്ക് എതിരേ കേസെടുക്കും എന്നൊക്കെയുള്ള ഭീഷണിയും ഉടനടി അവസാനിപ്പിക്കണമെന്നുംഅദ്ദേഹം ആവശ്യപ്പെട്ടു.

## അന്യസംസ്ഥാന ബീഡി വിപണനം നിയന്ത്രിക്കും: മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ ബീഡി വ്യവസായത്തെ കൂടുതൽ പ്രതിസന്ധിയിലാക്കുന്ന തരത്തിൽ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അനധികൃതമായി ബീഡി കേരളത്തിൽ എത്തിച്ച് വിപണനം നടത്തുന്നതിനെതിരെ നടപടികൾ ശക്തമാക്കുമെന്ന് വ്യവസായ മന്ത്രി പി രാജീവ്. എൻ കെ അക്ബർ ഉന്നയിച്ച ഉപക്ഷേപത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

ബീഡി വ്യവസായം പൊതുവെ പ്രതിസന്ധി നേരിടുന്ന ഒരു വ്യവസായമാണ്. ജിഎസ്ടി 28 ശതമാനമാണ് ഇതിൽ ചുമത്തിയിട്ടുള്ളത്. ജിഎസ്ടി കൗൺസിലാണ് നികുതി ചുമത്തുന്നതെന്നതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി നികുതിയിൽ മാറ്റം വരുത്താൻ സാധിക്കില്ല.

ഇതോടൊപ്പമാണ്, സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ബിഡി കൊണ്ടുവന്ന് ഇവിടെ വിൽക്കുന്നതുകൊണ്ടുള്ള പ്രതിസന്ധി കേരളത്തിലെ ബീഡി വ്യവസായം നേരിടുന്നത്. സംസ്ഥാന നികുതി വകുപ്പ് അതിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മന്ത്രി വ്യക്തമാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) വെള്ളിയാഴ്ച സംഘടിപ്പിച്ച ഓപ്പൺ ഹൗസ്



*കുന്നത്തുകാലിൽ പി. കുട്ടൻ സാർ സ്മാരക ശാസ്ത്ര പഠന ഗവേഷണ കേന്ദ്രത്തിന്റെയും സിവിൽ സർവീസ് കോച്ചിംഗ് സെന്ററിന്റെയും ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു നിർവഹിച്ചു.*

# കടലറിവിനായി ഓപ്പൺ ഹൗസ്

77ാമത് സ്ഥാപക ദിനത്തിന്റെ ഭാഗമായി, കടലിലെ ജൈവവൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും ഈ മേഖലയിലെ ഗവേഷണ സംഭവവികാസങ്ങൾ മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും സഹായിക്കുന്നതിന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) വെള്ളിയാഴ്ച ഓപ്പൺ ഹൗസ് സംഘടിപ്പിച്ചു.

# ഇൻകുബേഷൻ പ്രോഗ്രാം

സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് (KIED) ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നു. അങ്കമാലിയിലുള്ള KIED ഇന്റെ എന്റർപ്രൈസ് ഡെവലപ്പ്മെന്റ് സെന്റർ (EDC), ഇൽ ആണ് ഇൻകുബേഷൻ ആരംഭിക്കുന്നത്. പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും അതുപോലെ തന്നെ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന MSME കൾക്കും ഇൻകുബേഷനായി അപേക്ഷിക്കാം.

ഇൻകുബേഷനായി 21 ക്യുബിക്കിൾ സ്പേസുകൾ: സഹകരണം, സർഗ്ഗാത്മകത, ഉൽപ്പാദനക്ഷമത എന്നിവ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് അത്യാധുനിക ഇൻകുബേഷൻ/ വർക്ക്സ്പേയ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

5,000/ രൂപ ആണ് ഒരു ക്യുബിക്കിലിനുള്ള ഫീസ് (GST ഉൾപ്പെടെ). താത്പര്യമുള്ളവർ ഓൺലൈനായി www.kied.info/incubation/ ൽ ഫെബ്രുവരി 3 ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/ 0484 2550322/ 9567538749.

# ക്വട്ടേഷൻ ക്ഷണിച്ചു

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ 2021 22, 202223 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പ്രൊജക്ട് ഓഫീസിന്റെയും, 6 ജില്ലാ നിർവ്വഹണ യൂണിറ്റിന്റെയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്തുന്നതിലേക്കായി പരിചയസമ്പന്നരായ ചാർട്ടേഡ് അക്കൗണ്ടന്റ്മാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. താല്പര്യമുള്ളവർ ഓഡിറ്റ് ചെയ്യേണ്ട വർഷങ്ങളിലെ ഓഡിറ്റ് ഫീസിന്റെ തുക (ജി.എസ്.ടി ഉൾപ്പെടെ), സ്ഥാപനത്തിന്റെ പേര്, മേൽവിലാസം എന്നിവ സഹിതം ഫെബ്രുവരി 14ന് വൈകിട്ട് അഞ്ചിനു മുമ്പ് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി. സി. 20/1652, കൽപന, കുഞ്ചാലുംമൂട്, കരമന പി.ഒ., തിരുവനന്തപുരം, ഫോൺ: 0471 2348666. എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഇമെയിൽ: സല്യൃമഹമമൊമസ വ്യമ@ഴാമശഹ.രീാ, വെബ്സൈറ്റ്: www.k-er-a-l-a-sam-a-k-hy-a.or-g.

# കാർഷിക യന്ത്രോപകരണ ഗ്രൂപ്പ്: ഓൺലൈൻ അപേക്ഷ 7 മുതൽ

കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഫാം മെഷിനറി ബാങ്കുകൾ തുടങ്ങുന്നതിനും കർഷക കൂട്ടായ്മകൾ, എഫ്.പി.ഒകൾ, പഞ്ചായത്തുകൾ എന്നിവർക്ക് ഫെബ്രുവരി 7 മുതൽ ഓൺലൈൻ അപേക്ഷ നൽകാം. a-gr-im-a-c-h-in-ery.n-i-c.in/in-d-ex മുഖേനയാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷിക്കുന്നവർക്ക് പാൻകാർഡ്, ബാങ്ക് അക്കൗണ്ട്, രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കണം. ഗ്രൂപ്പിൽ കുറഞ്ഞത് എട്ട് അംഗങ്ങൾ വേണം. കൃഷി വകുപ്പിന്റെ പദ്ധതിയാണിത്. ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം അതിന്റെ പകർപ്പും അനുബന്ധ രേഖകളും കൃഷി ഓഫീസറുടെ ശുപാർശയോടെ ജില്ലയിലെ കൃഷി അസി. എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിൽ നൽകണം. വിശദ വിവരങ്ങൾക്ക്: 0471 2306748, 04772266084, 04952725354.

# വിവരാവകാശ നിയമം 2005 ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

വിവരാവകാശ നിയമം 2005 നെ ക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) നടത്തുന്ന സൗജന്യ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന് രജിസ്ട്രേഷൻ ആരംഭിച്ചു. ഇംഗ്ലീഷിലും മലയാളത്തിലും കോഴ്സ് ലഭ്യമാണ്. 16 വയസ്സ് കഴിഞ്ഞവർക്ക് ചേരാം. താൽപര്യമുള്ളവർ r-ti.im-g.k-er-a-l-a.gov.in ൽ ഫെബ്രുവരി രണ്ടു മുതൽ 13 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. കോഴ്സ് 16 ന് ആരംഭിക്കും.

# എന്ത് പ്രതിസന്ധി വന്നാലും വിഴിഞ്ഞംനാവായിക്കുളം ഔട്ടർ റിംഗ് റോഡ് പൂർത്തിയാക്കും: മുഹമ്മദ് റിയാസ്

തിരുവനന്തപുരം: വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി എന്ത് പ്രതിസന്ധി വന്നാലും യാഥാർഥ്യമാക്കുമെന്ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ് നിയമസഭയെ അറിയിച്ചു. ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർഥ്യമാക്കാൻ സംസ്ഥാന സർക്കാരിന് 1,600 കോടിയോളം രൂപയുടെ ബാധ്യതയുണ്ടാകും.

കേന്ദ്ര സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

സർവീസ് റോഡിൻറെ നിർമാണം കേന്ദ്രം വഹിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നെങ്കിലും അത് സാധിക്കില്ലെന്നാണ് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് അറിയിച്ചത്. പ്രതിസന്ധികളെ എല്ലാം തട്ടിമാറ്റി എൽഡിഎഫ് സർക്കാർ മുന്നോട്ട് പോകുമെന്നും കേരളത്തിൽ ദേശീയപാതയുടെ നിർമാണം അടുത്തവർഷം പൂർത്തിയാകുമെന്നും മന്ത്രി പി. എ. മുഹമ്മദ് റിയാസ് പറഞ്ഞു.

# കടകംപള്ളിയെയല്ല വിമർശിച്ചത്: വിശദീകരണവുമായി മന്ത്രി റിയാസ്

തിരുവനന്തപുരം: തലസ്ഥാന നഗരത്തിലെ റോഡ് വിഷയത്തിൽ വിമർശിച്ചത് മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രനെയല്ലെന്ന് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ്. കരാറുകാരൻ ഉഴപ്പിയപ്പോൾ സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചു. അല്ലായിരുന്നുവെങ്കിൽ സ്ഥിതി മറിച്ചായേനെ. കരാറുകാരനെ പുറത്താക്കിയത് ശരിയായിരുന്നുവെന്ന് കാലം തെളിയിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തലസ്ഥാനത്തെ റോഡ് വികസനത്തിലെ മെല്ലെപ്പോക്ക് സംബന്ധിച്ച കടകംപള്ളി സുരേന്ദ്രൻറെ വിമർശനത്തിന് മറുപടിയായി മന്ത്രി നടത്തിയ പരാമർശമാണ് വിവാദമായത്. ആകാശത്ത് റോഡ് നിർമിക്കാനാകുമോ എന്ന് തിരിച്ച് ചോദിച്ച മന്ത്രി കരാറുകാരനെ പുറത്താക്കിയത് ചിലർക്ക് പൊള്ളിയെന്നും പറഞ്ഞു.

വിഷയത്തിൽ മന്ത്രിക്കെതിരേ പാർട്ടിക്കുള്ളിൽതന്നെ എതിർപ്പുയർന്നതിനു പിന്നാലെയാണ് വിശദീകരണവുമായി മുഹമ്മദ് റിയാസ് രംഗത്തെത്തിയത്.

# എം.എസ്.എം ഇകൾക്കായി പാക്കേജിങ്ങിനെക്കുറിച്ച് മൂന്ന് ദിവസത്തെ വർക്ക്ഷോപ്പ്

ഭക്ഷ്യവസ്തുക്കളുടെ പാക്കേജിങ്ങിനെക്കുറിച്ച് അറിവ് നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (K-I-E-D), മൂന്ന് ദിവസത്തെ 'ടെക് ഹൊറൈസൺ' വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.

ഫെബ്രുവരി 7 മുതൽ 9 വരെ അങ്കമാലിയിലുള്ള എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്ററിൽ വെച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്. എം.എസ്.ഇ മേഖലയിലെ സംരംഭകർ/എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ഭക്ഷ്യ വ്യവസായത്തിൽ പാക്കേജിങ്ങിന്റെ പ്രാധാന്യം, ഫുഡ് പാക്കേജിങ് മെറ്റീരിയലുകളുടെ തരങ്ങൾ, പാക്കേജിങ് ഡിസൈനും സുസ്ഥിര പാക്കേജിങ്ങും, ഫുഡ് പാക്കേജിങ് റെഗുലേഷനുകളും കംപ്ലയൻസും, ഫുഡ് പാക്കേജിങ്ങിലെ വെല്ലുവിളികളെ എങ്ങനെ മറികടക്കാം തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികാതിപട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-cal-ender ൽ ഫെബ്രുവരി 5 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കുന്ന 20 പേർ ഫീസ് അടച്ചാൽ മതി.

# ജാതി സെൻസസ്: ചർച്ച ചെയ്ത് തീരുമാനമെടുക്കും: മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്ന കാര്യത്തിൽ, ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ. കേരളത്തിൽ ജാതി സെൻസസ് നടത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും വെവ്വേറെ കേസുകൾ നിലനിൽക്കുന്നുണ്ട്. ഈ രണ്ടു കേസുകളിലും സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേസുകളിലെ അന്തിമ വിധികളുടെ അടിസ്ഥാനത്തിൽ, ആവശ്യമായ ചർച്ചകൾ നടത്തി സർക്കാർ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് മന്ത്രി അറിയിച്ചു. ഡോ. എം കെ മുനീർ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 246 പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. ഭരണഘടനയുടെ 105ാം ഭേദഗതി പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ് നടത്തുന്നതിനും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്.

എന്നാൽ സെൻസസിന്റെ ഭാഗമായി സമഗ്രമായ വിവരശേഖരണം നടത്തുന്നതിലൂടെ മാത്രമേ വിവിധ ജനവിഭാഗങ്ങളുടെ കൃത്യമായ ജനസംഖ്യാ കണക്കുകളും അനുബന്ധമായ വിവരങ്ങളും ലഭ്യമാകുകയുള്ളൂ. കാലാനുസൃതമായി സംവരണം പുനഃക്രമീകരിക്കുന്നതിനും പ്രാതിനിധ്യമില്ലാത്ത വിഭാഗങ്ങൾക്കു പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും കൃത്യമായ ജനസംഖ്യാ കണക്കുകൾ ആവശ്യമാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

2021ൽ നടക്കേണ്ടിയിരുന്ന, എന്നാൽ ഇനിയും നടത്തിയിട്ടില്ലാത്ത, സെൻസസിന്റെ ഭാഗമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ സമഗ്രമായി ശേഖരിക്കുകയാണ് ഉചിതം. 2011ലെ സാമൂഹ്യ, സാമ്പത്തിക ജാതി സെൻസസിലൂടെ ശേഖരിച്ച വിവരങ്ങൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നുവെങ്കിലും കരട് ജാതി ഡാറ്റ ഒരു ഏജൻസിക്കും നൽകാനാവില്ല എന്ന് അറിയിച്ചുവെന്നും മന്ത്രി പറഞ്ഞു.

# സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ തിരുവനന്തപുരം ജില്ലാ ഓഫീസ് ചആഇഎഉഇ സംരംഭകർക്കു വേണ്ടി സംരംഭകത്വ പരിശീലന പരിപാടിയും വായ്പാ മേളയും സംഘടിപ്പിച്ചു. മ്യൂസിയം ഹാളിൽ ഗടആഇഉഇ ജനറൽ മാനേജർ സാബു എസ്. ന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഗടആഇഉഇ ഡയറക്ടർ എസ്. പുഷ്പലത ഉദ്ഘാടനം നിർവ്വഹിച്ചു. വ്യവസായ വികസന ഓഫീസർ ഷിബു കെ.എസ്, ഗടആഇഉഇ ജില്ലാ മാനേജർ അനില പി.ഡി., എന്നിവർ ക്ലാസ്സെടുത്തു. ജൂനിയർ അസിസ്റ്റന്റ് പ്രഭാകരൻ നായർ കൃതജ്ഞത രേഖപ്പെടുത്തി.

# നിയമനം

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളജിലെ കാര്യാലയത്തിലേക്ക് ദിവസവേതാനടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് (വിഷ) തസ്തികയിൽ താത്കാലികമായി നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 11ന് കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ഇൻഇന്റർവ്യൂ നടത്തും. എസ്.എസ്.എൽ.സിയാണ് യോഗ്യത.

# സൗരയൂഥത്തിൽ വിടർന്ന കല്യാണ സൗഗന്ധികം...

1973 ഫെബ്രുവരിയിലാണ് കേരളത്തിൽ നിന്ന് സ്വപ്നം സിനിമയുടെ പ്രൊഡ്യൂസർ സിനിമയിലേക്ക് പാടാൻ വിളിച്ചത്. സലിൽ ചൗധരിയാണ് സംഗീത സംവിധാനമെന്ന് കേട്ടതും വാണി പാടാൻ സമ്മതംമൂളി. ഒ.എൻ.വി കുറുപ്പ് അന്ന് സർക്കാർ സർവിസിലായിരുന്നതിനാൽ ബാലമുരളി എന്ന പേരിലാണ് പാട്ടെഴുതിയിരുന്നത്.

സൗരയൂഥത്തിൽ വിടർന്നോരു കല്യാണ സൗഗന്ധികമാണീ ഭൂമീ അതിൻ, സൗവർണ്ണപരാഗമാണോമനേ നീ, അതിൻ സൗരഭമാണെന്റെ സ്വപ്നം' എന്ന മനോഹര ഗാനം സൂപ്പർ ഹിറ്റായി. പിന്നീട് സലിൽ ചൗധരിയുടെ നെല്ല് എന്ന ചിത്രത്തിലൊഴികെ മറ്റെല്ലാം മലയാള ചിത്രത്തിലും വാണിയുടെ പാട്ടുകളുണ്ടായിരുന്നു.

ചിത്രവർണ്ണ പുഷ്പജാലമൊരുക്കിവെച്ചൂ (അയലത്തെ സുന്ദരി), വാൽക്കണ്ണെഴുതി വനപുഷ്പം ചൂടി (പിക്നിക്), നാടൻപാട്ടിലെ മൈന (രാഗം), തിരുവോണപ്പുലരിതൻ (തിരുവോണം), ആഷാഢമാസം ആത്മാവിൽ മോഹം (യുദ്ധഭൂമി), സീമന്തരേഖയിൽ ചന്ദനം ചാർത്തിയ (ആശീർവാദം), ഏതോ ജന്മകൽപനയിൽ (പാളങ്ങൾ), മനസ്സിൻ മടിയിലെ മാന്തളിരിൻ (മാനത്തെ വെള്ളിത്തേര്) തുടങ്ങി അനവധിയായ ഹിറ്റ് ഗാനങ്ങൾ പിറന്നു.

ശ്രീകുമാരൻ തമ്പിയുടെ പാട്ടുകളാണ് മലയാളത്തിൽ വാണി ജയറാം കൂടുതലും പാടിയത്. അന്ന് വയലാർദേവരാജൻപി. സുശീല ടീം പോലെ, ശ്രീകുമാരൻ തമ്പിഅർജുനൻ മാഷ്വാണി ജയറാം ടീമും മലയാള സിനിമ സംഗീത മേഖലയിലുണ്ടായി.

ഏറെക്കാലത്തെ ഇടവേളക്ക് ശേഷം 2014ൽ '1983' എന്ന ചിത്രത്തിൽ ഗോപീ സുന്ദറിന്റെ സംഗീതത്തിൽ പി. ജയചന്ദ്രനൊപ്പം 'ഓലഞ്ഞാലി കുരുവി...' എന്ന ഗാനം ആലപിച്ചു കൊണ്ടാണ് വാണി ജയറാം മലയാളത്തിലേക്ക് മടങ്ങി വന്നത്. കേരളം എന്നെ മറന്നിട്ടില്ല എന്നതിന് തെളിവായിരുന്നു ആ ഗാനമെന്ന് വാണി ജയറാം പറഞ്ഞിരുന്നു. മലയാളത്തിൽ എപ്പോൾ വിളിച്ചാലും പാടാൻ റെഡിയായിരുന്നു വാണി ജയറാം.

പുലിമുരുകനിലെ 'മാനത്തെ മാരിക്കുറുമ്പേ...', ആക്ഷൻ ഹീറോ ബിജുവിലെ 'പൂക്കൾ പനിനീർ പൂക്കൾ...', ക്യാപ്റ്റനിലെ 'പെയ്തലിഞ്ഞ നിമിഷം' തുടങ്ങി അവസാന കാലത്തും വാണി ജയറാം പാടിയ പാട്ടുകൾ ആസ്വാദകർ ഏറ്റെടുത്തു.

1950 നവംബർ 30 ന് തമിഴ്നാട്ടിൽ ജനിച്ചു. തമിഴ്, മലയാളം, മറാത്തി, ഹിന്ദി, തെലുങ്ക്, കന്നട എന്നീ ഭാഷകളിലായി ഒട്ടനവധി ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. സംഗീതജ്ഞയായ അമ്മയിൽ നിന്നാണ് വാണി ജയറാം സംഗീതത്തിന്റെ ആദ്യക്ഷരങ്ങൾ പഠിച്ചത്.

കർണാടക സംഗീതം പഠിച്ചത് കടലൂർ ശ്രീനിവാസ അയ്യങ്കാർ, ടി.ആർ. ബാലസുബ്രഹ്മണ്യൻ, ആർ.എസ്. മണി എന്നിവരിൽ നിന്നുമാണ്. ഉസ്താദ് അബ്ദുൽ റഹ്മാൻ ഖാനിന്റെ പക്കൽനിന്നും ഹിന്ദുസ്ഥാനി സംഗീതം പഠിച്ചു.

1971ൽ വസന്ത് ദേശായിയുടെ സംഗീതത്തിൽ 'ഗുഡ്ഡി' എന്ന ചിത്രത്തിൽ പാടിയ 'ബോലേ രേ പപ്പി' എന്ന ഗാനം വാണിയുടെ എക്കാലത്തെയും മികച്ച ഗാനങ്ങളിൽ ഒന്നാണ്. ഈ ചിത്രത്തിലെ ഗാനത്തിന് അഞ്ച് അവാർഡുകൾ ലഭിച്ചു. ആശാ ഭോസ്‌ലെക്കൊപ്പം പക്കീസ എന്ന ചിത്രത്തിൽ പാടിയിരുന്നു. കൂടാതെ ചിത്രഗുപ്ത്, നൗഷാദ് മുഹമ്മദ് റഫി, മുകേഷ്, മന്നാഡേ തുടങ്ങിയ പ്രമുഖർക്കൊപ്പം ഗാനങ്ങൾ ആലപിച്ചു.

1974ൽ ചെന്നൈയിലേക്ക് താമസം മാറ്റി. അതിനുശേഷമാണ് ദക്ഷിണേന്ത്യൻ ഭാഷാചിത്രങ്ങളിൽ വാണി സജീവസാന്നിധ്യമാവുന്നത്. തമിഴ്, തെലുങ്ക്, കന്നഡ, മലയാളം തുടങ്ങിയ ഭാഷകളിൽ നിരവധി ഗാനങ്ങൾ ആലപിച്ചു.

സ്വപ്നം എന്ന ചിത്രത്തിലൂടെ സലിൽ ചൗധരിയാണ് വാണി ജയറാമിനെ മലയാളത്തിലേക്ക് കൊണ്ടുവരുന്നത്. പിന്നീട് എം.എസ്. വിശ്വനാഥൻ, എം.ബി. ശ്രീനിവാസൻ, കെ.എ. മഹാദേവൻ, എം.കെ. അർജുനൻ, ജെറി അമൽദേവ്, സലിൽ ചൗധരി, ഇളയരാജ, എ.ആർ. റഹ്മാൻ എന്നിവരുടെ പാട്ടുകൾ ആലപിച്ചു. ഏറ്റവും നല്ല ഗായികക്കുള്ള ദേശീയ ചലച്ചിത്രപുരസ്കാരം മൂന്നു തവണ നേടിയിട്ടുണ്ട്.

2023 ഫെബ്രുവരി 4ന് അന്തരിച്ചു. ചെന്നൈയിലെ നുങ്കം പാക്കത്തിലെ വസതിയിൽ വാണി ജയറാമിനെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഭർത്താവ് ജയറാമിന്റെ മരണശേഷം മൂന്ന് വർഷമായി ഒറ്റയ്ക്കായിരുന്നു വാണി കഴിഞ്ഞിരുന്നത്. ഫെബ്രുവരി 4ന് രാവിലെ 11 മണിയോടെ വീട്ടിലെത്തിയ വീട്ടുജോലിക്കാരി വാണി ജയറാമിനെ വിളിച്ചിരുന്നു. വാതിൽ തുറക്കാത്തതിനെ തുടർന്ന് ജോലിക്കാരി അയൽവാസികളെയും പോലീസിനെയും വിവരം അറിയിക്കുകയായിരുന്നു. പോലീസ് എത്തി വാതിൽ പൊളിച്ച് വീട്ടിനുള്ളിലേക്ക് പ്രവേശിക്കുകയായിരുന്നു. കിടപ്പുമുറിയിലായിരുന്നു വാണി ജയറാമിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. നെറ്റിയിൽ മുറിവുമുണ്ടായിരുന്നു. തുടർന്ന് പോലീസ് അന്വേഷണം ആരംഭിക്കുകയും ചെയ്തിരുന്നു.